**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1319** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ ചലഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച് " തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ തദ്ദേശീയമായ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ തന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08.06.2022 ന് നടത്തുകയുണ്ടായി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട്, ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യുകയാണ് വേണ്ടത്. ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുവരെ ഈ പദ്ധതി പ്രകാരം 17 പദ്ധതികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. |
| (ബി) | ഈ പദ്ധതി പ്രകാരം ഒരു പ്രദേശത്തുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് പൊതുവായ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഒരു ടൂറിസം പ്രദേശം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നതാണെങ്കിൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായി ഈ പ്രദേശം ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പാക്കാവുന്നതാണ്. ഇത്തരം |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ലീഡ് അപേക്ഷകനായി നിശ്ചയിക്കാവുന്നതാണ്. |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് വിനോദസഞ്ചാര വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | തദ്ദേശ സ്വംയഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തെരെഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. |
| (ഡി) | വിനോദസഞ്ചാര വികസനത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് വരുമാന ദായകമായ ഉപജീവനം ഉറപ്പാക്കുന്നതിന് ഈ പദ്ധതി എത്രത്തോളം സഹായകരമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ പദ്ധതി പ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. ഇത്തരം പദ്ധതികൾ വരുന്നത് വഴി തദ്ദേശ വാസികൾക്ക് തൊഴിൽ സാധ്യത കൂടുകയും വരുമാന ലഭ്യത ഉണ്ടാവുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ